**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 17/254 നമ്പർ കമ്മ്യൂണിറ്റി ഹാൾ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് വണ്ടാഴി ഗ്രാമപഞ്ചായത്തിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ)നം. 2327/2019/ത.സ്വ.ഭ.വ          തീയതി, തിരുവനന്തപുരം: 22/10/2019.

പരാമർശം: 1) GO(P)102/2017/Fin dated 7/8/2017.
2) വണ്ടാഴി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28/06/2019 ലെ 6(7)-ാം നമ്പർ, 5/10/2019-ലെ 1-ാം നമ്പർ തീരുമാനങ്ങൾ.
3) പഞ്ചായത്ത് ഡയറക്ടറുടെ 3/9/2019 ലെ PAN/11094/2019-C3(DP) നമ്പർ കത്ത്.
4) വണ്ടാഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5/10/2019-ലെ എ 3/27/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ വണ്ടാഴി വില്ലേജിൽ ബ്ലോക്ക് നമ്പർ 48 റീസർവ്വേ നമ്പർ 37/2 ൽ ഉൾപ്പെട്ട വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 17/254 നമ്പർ കമ്മ്യൂണിറ്റി ഹാൾ കെട്ടിടം കാലപ്പഴക്കംമൂലം ഉപയോഗ്യശൂന്യമായതിനാൽ ടി കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വണ്ടാഴി ഗ്രാമപഞ്ചായത്ത് പരാമർശം (2) പ്രകാരം തീരുമാനമെടുത്ത് സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. പി.ഡബ്ല്യൂ.ഡി. അസി.എക്സിക്യൂട്ടീവ് എൻജിനീയർ സമർപ്പിച്ച സർവ്വേ റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായി പരാമർശം (4) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ വണ്ടാഴി വില്ലേജിൽ ബ്ലോക്ക് നമ്പർ 48-ൽ റീസർവ്വേ നമ്പർ 37/2 - ൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 17/254-ാം നമ്പർ കമ്മ്യൂണിറ്റി ഹാൾ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് വണ്ടാഴി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സബിത.എസ്.ഡി**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, വണ്ടാഴി ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
റവന്യൂ വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ